**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3448** **26-06-2024 - ൽ മറുപടിയ്ക്ക്**

**മവേലിക്കര രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ഭൂമി കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പ്രവർത്തിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സ്ഥലം പാട്ടത്തിനു നൽകാൻ സ.ഉ.(കൈ) നം. 145/2023/ആർ.ഡി. പ്രകാരം ഉത്തരവായെങ്കിലും ഭൂമി കൈമാറ്റം നാളിതുവരെ നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭൂമി കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 26.06.2023-ലെ സ.ഉ.(കൈ) നം.145/2023/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83-ൽ റീ സർവ്വെ 8/2-ൽപ്പെട്ട 66 സെന്റ് ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഭൂമി അളന്ന് തിരിച്ച് സബ് ഡിവിഷൻ തയ്യാറാക്കുന്നതിന് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ സർവ്വേയർമാർ ഡിജിറ്റൽ റീ-സർവ്വേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ളതിനാൽ സർവ്വെയറുടെ അഭാവം മൂലമാണ് ഭൂമി കൈമാറുന്നതിന് താമസം ഉണ്ടായത്. ആയത് ഉടൻ തന്നെ തയ്യാറാകുന്നതാണ്. ടി ഭൂമി കൈമാറുന്നതിന് എഗ്രിമെന്റ് വെയ്ക്കുന്നതിന് രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ